# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 ഫെബ്രുവരി 04, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

വിദ്യാർത്ഥികൾക്കെതിരെ യു.എ.പി.എ. ചുമത്തിയ നടപടി

മി. സ്പീക്കർ: നിയമ വിദ്യാർത്ഥിയായ അലൻ ഷുഹൈബ്, മാധ്യമ വിദ്യാർത്ഥിയായ താഹ ഫസൽ എന്നിവരെ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്യുകയും കുറ്റകൃത്യങ്ങളോ തെളിവുകളോ സംബന്ധിച്ച് വ്യക്തതയില്ലാതെ തടങ്കലിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ ക്ലാസ്സിൽ

ഹാജരാകാൻ സാധിക്കാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പുറത്താക്കപ്പെടുന്ന സാഹചര്യം സംജാതമാകുകയും യു.എ.പി.എ. നിയമം കേരളത്തിൽ നടപ്പിലാക്കാൻ അവസരം സൃഷ്ടിക്കുകയും ചെയ്തതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ പി. ടി. തോമസ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 01-11-2019-ന് പോലീസിന്റെ പട്രോളിംഗ് ഡ്യൂട്ടിക്കിടയിൽ സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെട്ട അലൻ ഷുഹൈബ്, താഹ ഫസൽ എന്നിവരെ പന്തീരാങ്കാവ് പോലീസ് സ്റ്റേഷനിൽ ഹാജരാക്കുകയും മാവോയിസ്റ്റ് സംഘടനകളുമായി ബന്ധമുണ്ടെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ യു.എ.പി.എ. ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. ഈ വിദ്യാർത്ഥികൾക്കൊപ്പമുണ്ടായിരുന്ന ഉസ്മാനെ പന്തീരാങ്കാവ് പോലീസ് സ്റ്റേഷനിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേസ്സന്വേഷണം ദേശീയ അന്വേഷണ ഏജൻസി ഏറ്റെടുക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം

നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസി കൊച്ചി യൂണിറ്റിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും വിവരം ദേശീയ അന്വേഷണ ഏജൻസി ഡയറക്ടർ സംസ്ഥാന പോലീസ് മേധാവിയെ അറിയിക്കുകയും ചെയ്തു. 2008-ലെ എൻ.ഐ.എ. ആക്ടിലെ 5, 6, 8 എന്നീ വകുപ്പുകൾ പ്രകാരമാണ് ഇത്തരം കേസുകൾ സംസ്ഥാന സർക്കാരിനെ മറികടന്ന് എൻ.ഐ.എ.യെ ഏൽപ്പിക്കാൻ കേന്ദ്ര സർക്കാരിന് അധികാരം നൽകുന്നത്. വിദ്യാർത്ഥികൾക്ക് ഹാജർ കുറവായതിനാലാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പുറത്താക്കിയത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിന് യാതൊരു പങ്കുമില്ലെന്ന് കേസ് ചാർജ്ജ് ചെയ്ത ഘട്ടത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. യു.എ.പി.എ. കേസുകൾ ശരിയായ രീതിയിലാണോ അന്വേഷണം നടത്തുന്നതെന്ന് പരിശോധിക്കാൻ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി അദ്ധ്യക്ഷനായ ഒരു സമിതി പ്രവർത്തിക്കുന്നുണ്ട്. കേസിന്റെ തുടർനടപടികൾ കേന്ദ്ര ഏജൻസിക്ക് വിട്ടുനൽകിയിട്ടുണ്ടെന്ന പ്രതിപക്ഷ പരാമർശം വസ്തുതാവിരുദ്ധമാണ്.

ഡോ. എം. കെ. മുനീർ: ഇൻവെസ്റ്റിഗേഷൻ ഓഫ് ഷെഡ്യൂൾഡ് ഒഫൻസസ് എന്ന ലിസ്റ്റിൽ ആരെയെങ്കിലും ഉൾപ്പെടുത്തിയാൽ മാത്രമേ

എൻ.ഐ.എ.-ക്ക് കേസ്സന്വേഷണം നടത്താൻ സാധിക്കുകയുള്ളൂ. പ്രസ്തുത കേസ് തുടർനടപടികൾക്കായി കേന്ദ്ര ഏജൻസിക്ക് വിട്ടുനൽകിയെങ്കിലും നാളിതുവരെ വിദ്യാർത്ഥികളുടെ പേരിലുള്ള കുറ്റകൃത്യങ്ങൾ സംബന്ധിച്ചോ അതിനാധാരമായ തെളിവുകൾ സംബന്ധിച്ചോ വ്യക്തതയില്ലാതെ തടങ്കലിൽ സൂക്ഷിച്ചിരിക്കുന്നതുകൊണ്ട് അവർക്ക് ക്ലാസ്സിൽ ഹാജരാകാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടാകുകയും തന്മൂലം അവരെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പുറത്താക്കുകയും ചെയ്തിരിക്കുകയാണ്. ഈ വിദ്യാർത്ഥികൾക്കെതിരെ കേരള പോലീസ് കണ്ടെത്തിയ കുറ്റമെന്താണെന്ന് വ്യക്തമാക്കണം. എൻ.ഐ.എ. ആക്ടിലെ 7 (b) വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിനുതന്നെ ഇത്തരം കേസുകൾ അന്വേഷിക്കാമെന്നിരിക്കെ എൻ.ഐ.എ.-ക്ക് കേസ് കൈമാറിയതിലൂടെ സർക്കാരിന്റെ ഗൂഢലക്ഷ്യമാണ് വെളിവാകുന്നത്. വിദ്യാർത്ഥികളുടെ പേരിൽ കള്ളക്കേസ് ചുമത്തി ജയിലിലടച്ച് ഭാവിയെ തകർക്കുന്ന സമീപനത്തിൽനിന്നും സർക്കാർ പിന്തിരിയണം. എൻ.ഐ.എ.-ക്ക് കൈമാറിയ കേസ് തിരിച്ചുവിളിക്കുകയും ഇവർക്കെതിരെ യു.എ.പി.എ. ചുമത്തിയ നടപടി പുന:പരിശോധിക്കുകയും വേണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിദ്യാർത്ഥികളായ അലൻ ഷുഹൈബ്, താഹ ഫസൽ എന്നിവർക്കെതിരെ യു.എ.പി.എ. ചുമത്തിയതുമായി ബന്ധപ്പെട്ട് അവരുടെ രക്ഷിതാക്കളെ നേരിട്ട് കണ്ട് വസ്തുതകൾ ബോദ്ധ്യപ്പെടുത്തുകയും സർക്കാർ നിലപാട് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന പ്രതിപക്ഷ നിലപാട് അവസാനിപ്പിക്കണം. നിയമപ്രകാരമുള്ള അധികാരം ഉപയോഗിച്ചാണ് എൻ.ഐ.എ. കേസ്സുകൾ ഏറ്റെടുക്കുന്നത്. തീവ്രവാദ ചിന്താഗതിയിൽ ആകൃഷ്ടരായി വഴിതെറ്റിപ്പോകുന്ന യുവതലമുറയെ നേർവഴിക്ക് നയിക്കാൻ ഒറ്റക്കെട്ടായ പ്രവർത്തനമാണ് വേണ്ടത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) തീരദേശ മേഖലയിലെ ജനങ്ങളുടെ ആശങ്കകൾ

ശ്രീ. റ്റി. വി. രാജേഷ്: തീരദേശ പരിപാലന നിയമവ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തണമെന്ന സുപ്രീംകോടതി നിർദ്ദേശത്തെത്തുടർന്ന് സംസ്ഥാനത്തെ പത്ത് ജില്ലകളിൽ പരിശോധന നടത്തുന്നതിനായി ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ അഞ്ചംഗ സമിതി രൂപീകരിക്കുകയും 26,000-ത്തോളം കെട്ടിടങ്ങൾ ചട്ടം ലംഘിച്ച് നിർമ്മിച്ചവയാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അവയിൽ 90 ശതമാനത്തോളം വീടുകളും തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ചട്ടപ്രകാരം അനുമതി വാങ്ങി നിർമ്മിച്ചിട്ടുള്ളവയും ആവശ്യമായ രേഖകളുള്ളവയുമാണ്. എന്നാൽ തീരദേശവാസികൾക്ക് കൈവശരേഖ മാത്രമാണ് റവന്യൂ അധികാരികൾ നൽകിയിട്ടുള്ളതെന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത മേഖലയിൽ നിലനിൽക്കുന്ന ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സി.ആർ.ഇസഡ്. വിജ്ഞാപനത്തിൽ ഭേദഗതി വരുത്തി 2011-ൽ കേന്ദ്രസർക്കാർ പുതിയ

വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും അതുപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ കേരളത്തിൽ നിലവിൽ വന്നത് എട്ട് വർഷങ്ങൾക്കുശേഷമാണ്. 2019-ൽ ദൂരപരിധിയിൽ ഇളവ് വരുത്തിക്കൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും സംസ്ഥാന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ വിജ്ഞാപനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകുവെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിരുന്നു. അതുവരെ 2011-ലെ സി.ആർ.ഇസഡ്. വ്യവസ്ഥകളും അതുപ്രകാരമുള്ള തീരദേശ പരിപാലന പ്ലാനും ആയിരിക്കും സംസ്ഥാനത്ത് ബാധകമാകുന്നത്. 2019-ലെ വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്ലാൻ അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് വലിയൊരളവുവരെ പരിഹാരമുണ്ടാകും. തീരദേശ നിയമലംഘനങ്ങൾ കണ്ടെത്താനായി 10 തീരദേശ ജില്ലകളിലും ജില്ലാ കളക്ടർമാർ ചെയർമാനായ സമിതി രൂപീകരിച്ചിട്ടുണ്ട്. 2019-ലെ വ്യവസ്ഥകൾക്കനുസൃതമായ തീരദേശ പരിപാലന പ്ലാൻ പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. തീരദേശ

മേഖലയിൽ താമസിക്കുന്നവരെ പ്രതികൂലമായി ബാധിക്കുന്ന യാതൊരു നടപടിയും സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(2) തദ്ദേശഭരണസ്ഥാപന തെരഞ്ഞെടുപ്പിൽ പേപ്പർ ബാലറ്റ്

ശ്രീ. മഞ്ഞളാംകുഴി അലി: ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടക്കുന്നുണ്ടെന്ന വാർത്തകൾ തെരഞ്ഞെടുപ്പ് സംവിധാനത്തിന്റെ വിശ്വാസ്യതയെ ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ആസന്നമായിരിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ പേപ്പർ ബാലറ്റ് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): നൂറു ശതമാനം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിച്ച് പൂർത്തിയാക്കിയ 2015-ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ യാതൊരു ക്രമക്കേടും നടന്നതായി പരാതിയുണ്ടായിട്ടില്ല. തെരഞ്ഞെടുപ്പ് പ്രക്രിയ എങ്ങനെ നടത്തണമെന്ന് നിശ്ചയിക്കുന്നത് തെരഞ്ഞെടുപ്പ് കമ്മീഷനാണ്. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടത്തുന്നതിനുള്ള സാധ്യതകൾ തടയുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും

ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിക്കുന്നത് തുടരുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ച സാഹചര്യത്തിൽ ഭരണഘടനാ സ്ഥാപനമായ കമ്മീഷന്റെ അധികാരത്തിൽ കൈകടത്താൻ സർക്കാർ ആഗ്രഹിക്കുന്നില്ല.

## III സബ്മിഷൻ

(1) സ്വാതന്ത്ര്യസമരത്തെക്കുറിച്ച് ബി.ജെ.പി. നേതാവ് നടത്തിയ പ്രസ്താവന

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സ്വാതന്ത്ര്യസമരം നാടകമായിരുന്നുവെന്ന ബി.ജെ.പി. നേതാവ് അനന്തകുമാർ ഹെഗ്ഡെയുടെ പ്രസ്താവന രാഷ്ട്രപിതാവിനെയും രാജ്യത്തെയാകെയും അപമാനിക്കുന്നതാകയാൽ സഭ ഒറ്റക്കെട്ടായി അപലപിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബി.ജെ.പി. നേതാവിന്റെ പ്രസ്താവന അങ്ങേയറ്റം അപലപനീയമാണ്. തെരഞ്ഞെടുപ്പ് വിജയം രാജ്യത്തിന്റെ ചരിത്രം മാറ്റിയെഴുതാനുള്ള അനുമതിയാണെന്ന് തെറ്റിദ്ധരിക്കുന്ന കേന്ദ്രഭരണാധികാരികളുടെ നീക്കത്തിനെതിരെ ഐക്യത്തോടെയുള്ള പ്രതിരോധം അനിവാര്യമാണ്.

മി. സ്പീക്കർ: സ്വാതന്ത്ര്യസമരത്തെയും രാഷ്ട്രപിതാവിനെയും

തള്ളിപ്പറയുകയും അപമാനിക്കുകയും ചെയ്യുന്ന രീതി തുടരുന്നത് അത്യന്തം അപമാനകരവും ലജ്ജാകരവുമാണ്. ഇക്കാര്യത്തിലുള്ള കേരള നിയമസഭയുടെ ഒറ്റക്കെട്ടായ പ്രതിഷേധവും പ്രതിരോധവും രേഖപ്പെടുത്തുന്നു.

(2) തൊഴിൽ സേന

ശ്രീ. ബി. ഡി. ദേവസ്സി: കർഷകത്തൊഴിലാളി സംഘങ്ങൾക്ക് കീഴിൽ രൂപീകരിച്ചിട്ടുള്ള തൊഴിൽ സേനയ്ക്ക് ധനസഹായം അനുവദിക്കുന്നതിനും കാർഷികോൽപ്പാദന വർദ്ധനവിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പുതുതലമുറയെ കാർഷിക രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനും കൃഷി വകുപ്പിനുകീഴിൽ രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മസേന (തൊഴിൽ സേന)യിലെ അംഗങ്ങൾക്ക് പരിശീലനം നൽകുകയും യൂണിഫോം, യന്ത്രസാമഗ്രികൾ എന്നിവ ലഭ്യമാക്കുകയും നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കാർഷിക സഹകരണ സംഘങ്ങൾക്ക് യന്ത്രസാമഗ്രികൾ വാങ്ങാനും അടിസ്ഥാന സൗകര്യവികസനത്തിനും ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

സൃഷ്ടിക്കുന്നതിനുതകുന്ന രീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(3) പോലീസ് സ്റ്റേഷൻ

ശ്രീ. ആർ. രാമചന്ദ്രൻ: ക്രമസമാധാനപരിപാലനത്തിനുതകുംവിധം കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പ്രവർത്തനമേഖല വിഭജിച്ച് തഴവ കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അനുവദിക്കപ്പെട്ടിട്ടുള്ള പോലീസ് സ്റ്റേഷനുകൾ പ്രവർത്തനസജ്ജമാക്കിവരുന്ന സാഹചര്യത്തിൽ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പ്രവർത്തന മേഖല വിഭജിച്ച് തഴവ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

(4) പോലീസ് സബ് ഡിവിഷൻ ഓഫീസ്

ശ്രീ. അനൂപ് ജേക്കബ്: പിറവം നിയോജകമണ്ഡലത്തിൽ ഒരു പുതിയ പോലീസ് സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ഒട്ടേറെ നടപടികൾ സർക്കാർ സ്വീകരിച്ചതിന്റെ തുടർച്ചയായി പിറവത്തും ഒരു പുതിയ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(5) ദേശീയ സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബിൽ

ശ്രീ. വി. എസ്. ശിവകുമാർ: മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന നിർദ്ദിഷ്ട ദേശീയ സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബില്ലിലെ വ്യവസ്ഥകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): കരട് ദേശീയ സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബിൽ സംസ്ഥാനത്തിന്റെ താല്പര്യം ഹനിക്കുന്നതാണെന്നതിനാൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച 48 നിർദ്ദേശങ്ങളിൽ 43 എണ്ണവും കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നു. പുതിയ 36 നിർദ്ദേശങ്ങൾ കൂടി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഫിഷറീസ് സെക്രട്ടറി ടി ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാൻ കേരളത്തിൽ വരികയും ബില്ലിനെക്കുറിച്ചുള്ള ആശങ്കകൾ സംസ്ഥാനം അറിയിക്കുകയും ചെയ്തിട്ടുണ്ട്. 12

നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടലിൽ നിലവിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സമർപ്പിച്ചതിൽ ഒരെണ്ണമൊഴികെ എല്ലാ നിർദ്ദേശങ്ങളും കരട് ബില്ലിൽ അംഗീകരിച്ചിട്ടുണ്ട്. ബിൽ സഭയിൽ വരുമ്പോൾ ഇതുസംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

(6) മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. ആർ. രാജേഷ്: മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): താലൂക്കാശുപത്രികൾ സ്പെഷ്യലൈസ്ഡ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ പട്ടികയിൽപ്പെടുത്തി മാവേലിക്കര ആശുപത്രിയിൽ നവീകരണ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയുടെ വികസനം ഉറപ്പാക്കാൻ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുകയും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 102 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മാവേലിക്കര ആശുപത്രിയുടെ പേ വാർഡും നവീകരിക്കാനുള്ള

പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

## (7) കർഷകത്തൊഴിലാളി ക്ഷേമനിധി

ശ്രീ. സി. കെ. ശശീന്ദ്രൻ: കർഷകത്തൊഴിലാളി ക്ഷേമനിധി ഓർഡിനൻസിലെ പോരായ്മ പരിഹരിക്കുന്നതിനും കുടിശ്ശിക തുക മാച്ചിംഗ് ഗ്രാന്റായി നൽകുന്നതിനും തൊഴിലാളി വിഹിതം വർദ്ധിപ്പിച്ചതിന് തത്തുല്യമായി സർക്കാർ വിഹിതവും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കാതിരുന്ന സാഹചര്യത്തിൽ കുടിശ്ശികയായിരുന്ന തുക വിതരണം നടത്തിവരികയാണ്. തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ബോർഡ് ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാകുന്ന മുറയ്ക്ക് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് മാത്രമേ മാച്ചിംഗ് ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ

കഴിയുകയുള്ളൂ.

(8) ഇടത്താവള സമുച്ചയം

ശ്രീ. സജി ചെറിയാൻ: ചെങ്ങന്നൂരിൽ അയ്യപ്പഭക്തന്മാർക്കായി ഇടത്താവള സമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ശബരിമല തീർത്ഥാടകർക്ക് മതിയായ കുടിവെള്ള സൗകര്യം, പാർക്കിംഗ് ഗ്രൗണ്ട്, ഭക്ഷണശാലകൾ, വിരിപ്പന്തലുകൾ, ശൗചാലയങ്ങൾ, വിശ്രമസങ്കേതങ്ങൾ എന്നിവ നിർമ്മിച്ച് നൽകുന്നതിന് ശബരിമല ഇടത്താവള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ മണ്ണ് പരിശോധന പൂർത്തിയാക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള എസ്.പി.വി. ആയി തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തുകയും എൻ.ബി.സി.സി.-യെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇടത്താവള സമുച്ചയം സമയബന്ധിതമായി പൂർത്തിയാക്കി അടുത്ത സീസണിൽ തീർത്ഥാടകർക്ക് ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

(9) അംഗീകാരങ്ങൾ വിഭാഗം തിരിച്ച് പ്രഖ്യാപിക്കുന്നത് ഒഴിവാക്കൽ

ഡോ. എൻ. ജയരാജ്: വിദ്യാർത്ഥികൾക്കുള്ള അംഗീകാരങ്ങൾ വിഭാഗം തിരിച്ച് പ്രഖ്യാപിക്കുന്നത് ഒഴിവാക്കാൻ നിയമനിർമ്മാണം നടത്തണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, അവാർഡുകൾ, പുരസ്കാരങ്ങൾ എന്നിവ നൽകുമ്പോൾ പ്രസ്തുത അംഗീകാരങ്ങളുടെ വിഭാഗം തിരിച്ചുള്ള പ്രഖ്യാപനം കുട്ടികളിൽ മാനസികസംഘർഷമുണ്ടാക്കാൻ സാധ്യതയുള്ളതിനാൽ ഇത്തരം രീതികളൊഴിവാക്കണമെന്ന് ബാലാവകാശ കമ്മീഷനും പൊതുചടങ്ങുകൾ നിർബന്ധമാണെങ്കിൽ പ്രധാനാദ്ധ്യാപകൻ ചടങ്ങിൽവച്ച് സ്വീകരിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തിപരമായി കൈമാറുന്നതാണ് ഉചിതമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറും അഭിപ്രായപ്പെട്ട സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ വിഭാഗം വ്യക്തമാക്കാതെ പുരസ്കാരങ്ങൾ വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

(10) സ്കൂളുകൾക്ക് അംഗീകാരം

ശ്രീ. എൻ. ഷംസുദ്ദീൻ: മതന്യൂനപക്ഷ സംഘടനകൾ നടത്തുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സ്കൂളുകൾക്ക് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അംഗീകാരം നൽകുന്നതിനുള്ള എൻ.ഒ.സി. അനുവദിക്കുന്നതിനും സംസ്ഥാന പാഠ്യപദ്ധതിയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകളിൽ 41 സ്കൂളുകൾക്ക് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അംഗീകാരത്തിനുള്ള എൻ.ഒ.സി. അനുവദിക്കുകയും ബാക്കിയുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരികയുമാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളാരംഭിക്കുന്നതിനുള്ള നിരാക്ഷേപപത്രം നൽകുന്നതിനുള്ള അധികാരിയായി ന്യൂനപക്ഷക്ഷേമ ഡയറക്ടറെയും ന്യൂനപക്ഷ പദവി നൽകുന്നതിനുള്ള അധികാരിയായി പൊതുവിദ്യാഭ്യാസ സെക്രട്ടറിയേയും നിയോഗിച്ചിട്ടുണ്ട്.

(11) വന്യജീവി ശല്യം

ശ്രീ. റോജി എം. ജോൺ: അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ, മലയാറ്റൂർ, നീലേശ്വരം പഞ്ചായത്തുകളിൽ വ്യാപകമായുണ്ടാകുന്ന വന്യജീവി ആക്രമണത്തിൽനിന്നും സംരക്ഷണം നൽകുന്നതിന് നടപടി

സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വന്യജീവി ആക്രമണമുണ്ടാകുന്ന പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. സൗരോർജ്ജവേലികൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസമേഖലയിലിറങ്ങുന്ന പ്രദേശങ്ങളിൽ മുന്നറിയിപ്പ് സ്ക്വാഡുകൾ രൂപീകരിക്കുകയും അവയെ വനപ്രദേശങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ പട്രോളിംഗ് നടത്തിവരികയും ചെയ്യുന്നു. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിച്ചുവരികയാണ്.

## IV റൂളിംഗ്

### 03-02-2020-ന് ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

മി. സ്പീക്കർ: 2010 ജനുവരി 31-ാം തീയതി കാര്യോപദേശക സമിതി യോഗ തീരുമാനങ്ങൾ മാധ്യമങ്ങളിലൂടെ പുറത്തുപറഞ്ഞതുവഴി ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കേരള നിയമസഭയുടെ

നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ചതായും ഇതിനെതിരെ ശക്തമായ റൂളിംഗ് ഉണ്ടാകണമെന്നും ശ്രീ. എം. ഉമ്മർ ഇന്നലെ ക്രമപ്രശ്നം ഉന്നയിക്കുകയും കാര്യോപദേശക സമിതി യോഗം ചേരുന്നതിനുമുമ്പ് സർക്കാർ കൈക്കൊണ്ട നിലപാടാണ് വിശദീകരിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ വിശദീകരണം നൽകുകയുമുണ്ടായി. ബന്ധപ്പെട്ട വിശദാംശങ്ങളുടെ വീഡിയോ ക്ലിപ്പിംഗുകൾ സഹിതമുള്ള രേഖകൾ ചെയർ പരിശോധിച്ചതിൽ കാര്യോപദേശക സമിതി യോഗതീരുമാനങ്ങളെ സംബന്ധിച്ചുള്ള ഏതെങ്കിലും പരാമർശം അദ്ദേഹം നടത്തിയതായി കാണാൻ കഴിഞ്ഞിട്ടില്ല. മാധ്യമ സ്വാതന്ത്ര്യം പ്രധാനമാണെങ്കിലും സഭയുടെ അവകാശങ്ങളും അധികാരവും അതുപോലെ പ്രധാനമാണ്. സഭ അംഗീകരിച്ചിട്ടില്ലാത്ത കാര്യോപദേശക സമിതി റിപ്പോർട്ട് മാധ്യമ ചർച്ചയ്ക്ക് വിധേയമാകുന്ന തരത്തിൽ മാറിയത് അത്യന്തം നിർഭാഗ്യകരവും സഭയുടെ അന്തസ്സിന് നിരക്കാത്തതുമാണ്. സഭയുടെ അവകാശ ലംഘനത്തിന്റെ പേരിൽ നടപടി സ്വീകരിക്കാൻ പര്യാപ്തമായ ഇത്തരം നടപടികൾ യാതൊരു കാരണവശാലും ഭാവിയിൽ ആവർത്തിക്കാൻ പാടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## V ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ജെയിംസ് മാത്യു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്.

ശ്രീ. വി. ടി. ബൽറാം: നന്ദിപ്രമേയത്തെ എതിർക്കുന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ സഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിന്മേൽ ഗവർണ്ണർ സ്വീകരിച്ച നിലപാട് പ്രതിഷേധാർഹമാണ്. യു.എ.പി.എ. ചുമത്തി അറസ്റ്റുചെയ്ത വിദ്യാർത്ഥികളുടെ പേരിലുള്ള കുറ്റകൃത്യമെന്താണെന്ന് സർക്കാർ വ്യക്തമാക്കണം.

ശ്രീ. ആർ. രാമചന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ കേരളം ഒറ്റക്കെട്ടായി പ്രതികരിച്ച നടപടി അഭിനന്ദനാർഹമാണ്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി സമസ്ത മേഖലകളിലും തിളക്കമാർന്ന നേട്ടമാണ് കേരളം കൈവരിച്ചിട്ടുള്ളത്. പ്രകടനപത്രികയിലെ വാഗ്ദാനങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കാനും നീതി

ആയോഗ് പുറത്തിറക്കിയ സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി ഒന്നാം സ്ഥാനം നിലനിർത്താനും സർക്കാരിന് കഴിഞ്ഞു. അശാസ്ത്രീയമായി നടപ്പാക്കിയ ചരക്ക് സേവന നികുതിയും പ്രവാസികളുടെ തിരിച്ചുവരവും കേന്ദ്രസർക്കാരിന്റെ വികലമായ ആഭ്യന്തര വിദേശനയങ്ങളും സമ്പദ് വ്യവസ്ഥയ്ക്ക് കനത്ത തിരിച്ചടിയാണ് നൽകിയിരിക്കുന്നത്. മലയോര-തീരദേശ ഹൈവേകളുടെ നിർമ്മാണവും ജലപാതകൾ പുനരുജ്ജീവിപ്പിച്ചതും കൃഷിയെ വരുമാനദായകമായ തൊഴിലാക്കി മാറ്റിയതും ലൈഫ് പദ്ധതി നടപ്പിലാക്കിയതും സർക്കാരിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. അവശ്യസാധനങ്ങളുടെ വില ദിനംപ്രതി വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. മുൻ സർക്കാരിന്റെ കാലത്ത് പ്രവാസികൾക്കായി നടപ്പിലാക്കിയ പദ്ധതികളെ അട്ടിമറിച്ചുകൊണ്ട് ലോക കേരളസഭയുടെ പേരിൽ കോടിക്കണക്കിന് രൂപയുടെ ധൂർത്ത് നടത്തുകയും പ്രളയ ദുരിതാശ്വാസ തുക വകമാറ്റി ചെലവഴിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. ഗവൺമെന്റ് ഉത്തരവുകൾ നടപ്പിലാക്കുന്നതിലുള്ള ഉദ്യോഗസ്ഥ അലംഭാവം ഒഴിവാക്കാനും സ്കൂളുകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും നിലവിലുള്ള ഒഴിവുകൾ നികത്താനും നടപടി

സ്വീകരിക്കണം. പൗരത്വ ഭേദഗതി നിയമത്തിനെതിരെ യോജിച്ച നിലപാട് സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. കെ. ആൻസലൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസരംഗത്ത് അഭിമാനകരമായ മുന്നേറ്റമുണ്ടാക്കുന്നതിനും സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈഫ് മിഷനിലൂടെ രണ്ട് ലക്ഷം ഉപഭോക്താക്കൾക്ക് ഭവനങ്ങൾ കൈമാറാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഫ്ലാറ്റുകൾ നിർമ്മിച്ച് ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. കാർഷിക-ക്ഷീര മേഖലകളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ക്ഷേമ പെൻഷനുകളുടെ വിതരണം കാര്യക്ഷമമാക്കുന്നതിനും കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിനും സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. പ്രളയാനന്തരം ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണ്.

തോട്ടപ്പിള്ളി സ്പിൽവേയുടെ വീതി വർദ്ധിപ്പിച്ച് കുട്ടനാട്ടിലെ വെള്ളപ്പൊക്കം തടയുന്നതിനും മലയിടിച്ചിൽ സാധ്യതയുള്ള ജില്ലകളിൽ വാട്ടർഷെഡ് മാനേജ്മെന്റ് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യബന്ധന-കാർഷിക മേഖലകൾക്ക് കേന്ദ്ര ബഡ്ജറ്റിലൂടെ നൽകിയ വാഗ്ദാനങ്ങൾ പ്രയോജനപ്പെടുത്തണം. പൊതുമരാമത്ത് വകുപ്പിൽ അധികാര വികേന്ദ്രീകരണം ഏർപ്പെടുത്തുന്നതിനും റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പരിഹരിക്കുന്നതിനും ഇടുക്കി ജില്ലയിലെ ഭൂവിനിയോഗം സംബന്ധിച്ച ഉത്തരവിൽ മാറ്റം വരുത്തുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. കെ. ജെ. മാക്സി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇന്ത്യയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കേന്ദ്രസർക്കാർ സംസ്ഥാനത്തോട് സാമ്പത്തിക വിവേചനം കാട്ടുമ്പോഴും കിഫ്ബിയിലൂടെ ഫണ്ട് കണ്ടെത്തി വികസന പ്രവർത്തനങ്ങൾ നടത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി യുവകലാകാരൻമാർക്കായി ഡയമണ്ട് ജൂബിലി ഫെലോഷിപ്പ് നടപ്പാക്കിയതും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാക്കിയതും

സ്വാഗതാർഹമാണ്.

ശ്രീ. അനൂപ് ജേക്കബ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. നടപ്പാക്കാത്ത പ്രഖ്യാപനങ്ങളുടെ തനിയാവർത്തനമാണ് നയപ്രഖ്യാപന പ്രസംഗം. ഹീമോഫീലിയ രോഗികളടക്കമുള്ളവർക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കാൻ നടപടിയുണ്ടാകണം. കരാറുകാർക്ക് തുക അനുവദിക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി ഇന്ന് തകർച്ചയിലാണ്.

ശ്രീ. സി. കെ. നാണു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരായി പ്രമേയം പാസ്സാക്കിയ സർക്കാർ നടപടി പ്രശംസനീയമാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കാനും വിറ്റഴിക്കാനും വൻകിട കുത്തകകളുടെ താത്പര്യം സംരക്ഷിക്കാനുമാണ് കേന്ദ്രസർക്കാർ പ്രാധാന്യം കൽപ്പിക്കുന്നത്.

ശ്രീ. മാണി സി. കാപ്പൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമൂഹത്തിലെ പിന്നോക്കാവസ്ഥയിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രതിബദ്ധതയോടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ

സാങ്കേതിക വിദഗ്ധരുടെ പിന്തുണയോടെ സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിൽ കേരളം ദേശീയതലത്തിൽ നേടിയ അംഗീകാരം അഭിനന്ദനാർഹമാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ രണ്ട് ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകാനുള്ള തീരുമാനം കൈക്കൊള്ളുകയും അതിൽ ഒരു ലക്ഷത്തി അറുപതിനായിരം വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിലും പൊതുജനാരോഗ്യ സംരക്ഷണത്തിലും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിലും മറ്റ് സംസ്ഥാനങ്ങൾക്ക് കേരളം മാതൃകയാണ്. പൊതുമേഖലയെയും മത്സ്യമേഖല ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിൽ മേഖലയെയും സംരക്ഷിക്കാനുള്ള സർക്കാർ തീരുമാനം അഭിനന്ദനാർഹമാണ്.

ശ്രീ. കാരാട്ട് റസാഖ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഭരണഘടനാ സംരക്ഷണത്തിന് കക്ഷി/രാഷ്ട്രീയ/മത വ്യത്യാസങ്ങൾക്കതീതമായി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാനും നിയമസഭയിൽ പ്രമേയം പാസ്സാക്കി ലോകത്തിനുതന്നെ മാതൃകയാകാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സമസ്തമേഖലകളിലും അസൂയാവഹമായ നേട്ടമാണ് സർക്കാർ

കൈവരിച്ചിരിക്കുന്നത്. എല്ലാ നിയോജകമണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾക്ക് മികച്ച നേതൃത്വം നൽകാൻ സർക്കാരിന് സാധിച്ചു.

ശ്രീ. അൻവർ സാദത്ത്: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവൺമെന്റിന്റെ പ്രഖ്യാപനത്തിൽ നിന്ന് വ്യത്യസ്ത നിലപാടുകളോടെയാണ് ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം അവതരിപ്പിച്ചത്. കേരള ജനതയേയും നിയമസഭയേയും അപമാനിക്കുന്ന വിധത്തിലുള്ള നിലപാട് സ്വീകരിച്ച ഗവർണ്ണറുടെ നടപടികളെ എതിർക്കുന്നു.

ശ്രീമതി യു. പ്രതിഭ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൗരത്വ ഭേദഗതി നിയമം ഉൾപ്പെടെയുള്ള വിഷയങ്ങൾ സംസ്ഥാന സർക്കാരിനെതിരായ ആയുധമാക്കി മാറ്റുന്ന പ്രതിപക്ഷ നിലപാട് തിരുത്തണം. സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിൽ ദേശീയ അംഗീകാരം നേടിയെടുക്കാനും ആരോഗ്യ-പൊതുവിദ്യാഭ്യാസ പശ്ചാത്തല മേഖലകളിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനും സർക്കാരിന് സാധിച്ചു. കിഫ്ബിയിലൂടെ 53,000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾക്ക് അനുമതി നൽകാനും റീബിൽഡ് കേരളയുടെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും റോഡ് വികസന പ്രവർത്തനങ്ങൾക്ക് തുക

അനുവദിക്കുന്നതിനും തരിശുനിലകൃഷി സാദ്ധ്യമാക്കുന്നതിനും മൃഗസംരക്ഷണ മേഖല പുനരുജ്ജീവിപ്പിക്കുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാരിന് കഴിഞ്ഞു. എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനമുറി സംവിധാനം ഏർപ്പെടുത്തുകയും വിദേശത്ത് ജോലിസാദ്ധ്യത ഉറപ്പാക്കുകയും ചെയ്തതിലൂടെ അടിസ്ഥാന ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് സർക്കാർ സ്വീകരിച്ച നിലപാട് പ്രശംസനീയമാണ്.

ശ്രീ. എം. രാജഗോപാലൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ദീർഘദൂര റോഡുകളുടെ വികസനത്തിനും ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാക്കുകയും നിക്ഷേപ സമാഹരണത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഐ.ടി.-പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും ചെയ്ത സർക്കാരിനെ അഭിനന്ദിക്കുന്നു. തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുകയും പരിസ്ഥിതി സംരക്ഷണത്തിലൂടെയുള്ള ആധുനിക വ്യവസായ വികസനത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ദീർഘവീക്ഷണത്തോടെയുള്ള വികസന

പദ്ധതികൾ യാഥാർത്ഥ്യമാക്കുന്ന നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരള സമൂഹത്തിന് യാതൊരു പ്രതീക്ഷയും നൽകാൻ സാധിക്കാത്ത സർക്കാരിന്റെ നയപ്രഖ്യാപനത്തെ അംഗീകരിക്കാൻ കഴിയില്ല. ദേശീയ പൗരത്വ ഭേദഗതി നിയമം നടപ്പാക്കുന്നതിന് മുന്നോടിയായുള്ള സെൻസസ് നടപടികൾ നിർത്തിവയ്ക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. സി. കൃഷ്ണൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലയിലും സർക്കാർ നടത്തിയ വികസന പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയാണ് നയപ്രഖ്യാപനത്തിലൂടെ വെളിവാകുന്നത്. പ്രളയം, ഓഖി, നിപ തുടങ്ങിയ ദുരന്തങ്ങളുടെയും കേന്ദ്ര സർക്കാരിന്റെ അവഗണനയുടെയും ഫലമായി സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴും എല്ലാ മേഖലയിലും കർമ്മ പദ്ധതികൾ നടപ്പാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ലൈഫ് മിഷൻവഴി രണ്ടുലക്ഷം ഉപഭോക്താക്കൾക്ക് വീടുകൾ നൽകുന്നതിനുള്ള നടപടി ഫലപ്രദമായി നടന്നുവരികയാണ്. ആർദ്രം മിഷനിലൂടെ പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്താനും വിദ്യാഭ്യാസ

മേഖലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കാനും വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും സാധിച്ചിട്ടുണ്ട്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ സ്വാഗതാർഹമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കാനുള്ള കേന്ദ്രനിലപാടിനെതിരെ ശക്തമായി പ്രതിഷേധിക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴും പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാനാണ് കേന്ദ്ര ഭരണകൂടം ശ്രമിക്കുന്നത്. രാജ്യത്തെ ഭിന്നിപ്പിക്കുന്ന സമീപനങ്ങൾക്കെതിരെ ഒറ്റക്കെട്ടായി അണിനിരക്കാൻ തയ്യാറാകണം.

ശ്രീ. വി. കെ. പ്രശാന്ത്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിവരുമാനത്തിൽ വൻതോതിലുള്ള കുറവാണ് കേന്ദ്രസർക്കാർ വരുത്തിയിരിക്കുന്നത്. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുത്ത് ജനക്ഷേമപദ്ധതികളുമായി മുന്നോട്ടുപോകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പൊതുമുതൽമുടക്കും പശ്ചാത്തല സൗകര്യങ്ങളും ഗണ്യമായി വർദ്ധിപ്പിക്കാനും അടിസ്ഥാന

പ്രശ്നങ്ങൾ പരിഹരിക്കാനും നയപ്രഖ്യാപനത്തിൽ ഊന്നൽ കൊടുത്തിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും അടിസ്ഥാന വികസനം നടപ്പാക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഭരണരംഗത്തെ മികവിന് നിരവധി ദേശീയ-അന്തർദ്ദേശീയ അവാർഡുകൾ നേടിയെടുക്കാനും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച് കുടിശ്ശികയടക്കം വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. കേരള ബാങ്ക് അടക്കമുള്ള പുതിയ സംരംഭങ്ങൾ രൂപീകരിച്ചതും പ്രവാസി മലയാളികളുടെ സഹകരണത്തോടെ ലോക കേരളസഭ സംഘടിപ്പിച്ചതും പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതും സ്വാഗതാർഹമാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. മാർക്ക്ദാനത്തിലൂടെയും പിൻവാതിൽ നിയമനങ്ങളിലൂടെയും അഴിമതി പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കുടിവെള്ള പദ്ധതികളുൾപ്പെടെ പല പ്രവൃത്തികളും യഥാസമയം നടപ്പിലാക്കാൻ കഴിയാത്തവിധം സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ്. സംവരണം അട്ടിമറിച്ച് കോഴിക്കോട് സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനം നടത്താനുള്ള നീക്കം

ഉപേക്ഷിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഭരണഘടനാമൂല്യങ്ങൾ അട്ടിമറിക്കുന്ന പൗരത്വ നിയമ ഭേദഗതിക്കെതിരെ അതിശക്തമായ നിലപാട് സ്വീകരിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. ജോലിസമയം 14 മണിക്കൂറാക്കി ഉയർത്തുന്ന കേന്ദ്ര തൊഴിൽ നിയമഭേദഗതി ബിൽ തൊഴിലാളികളുടെ അവകാശങ്ങൾ ഹനിക്കുന്നതാണ്.

ശ്രീ. പി. ടി. തോമസ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. തനത് വരുമാനം വർദ്ധിപ്പിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ ഫലമായി സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിക്കുകയും ട്രഷറി നിയന്ത്രണം വികസന-ക്ഷേമപ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുകയും ചെയ്തിരിക്കുകയാണ്. കെ.എസ്.ഇ.ബി. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ അഴിമതി സംബന്ധിച്ച് സമഗ്രാന്വേഷണം നടത്തണം. പൗരത്വ ഭേദഗതി നിയമത്തിനെതിരായ സമരത്തെ നിസ്സാരവൽക്കരിക്കുന്ന സർക്കാർ സമീപനം ശരിയല്ല.

ശ്രീ. വി. ജോയി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ സഭയിൽ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ

നിലപാട് പ്രതിഷേധാർഹമാണ്. സമസ്ത മേഖലകളിലും വികസനോന്മുഖമായ ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

സഭ വൈകുന്നേരം 4.02-ന് പിരിഞ്ഞു.